# ഭൗതിക വേദാന്തം

## ഡോ: കെ. ഭാസ്കരൻനായർ

**ജ**നതാഗവണ്മെൻറ് ഈ രാജ്യത്തെ ജനങ്ങൾക്ക് അത്യാവശ്യമുള്ള നിത്യോപയോഗസാധനങ്ങളുടെ കയററുമതി നിരോധിക്കുവാൻ നിശ്ചയിച്ചതായി പ്രഖ്യാപിച്ചിരിക്കുന്നു. ധീരമായ ഈ തീരുമാനമെടുത്തതിന് ഭരണാധികാരികളെ അങ്ങേയററം അഭിനന്ദിക്കണം. പത്തുമുപ്പതു വർഷമായി ഇന്ത്യയിലെ ജനസഞ്ചയം ജീവിച്ചതുതന്നെ കയററുമതി വർദ്ധിപ്പിച്ച് വിദേശനാണ്യം സമ്പാദിക്കുന്നതിനുവേണ്ടിമാത്രം ആയിരുന്നില്ലേ എന്നു സംശയം തോന്നിയിട്ടുണ്ട്. വെറും പിണ്ണാക്ക് മുതൽ, എത്രയോ തലമുറകളായി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച്, ഈശ്വരനെന്നു സങ്കല്പിച്ച്, ആരാധിച്ചുപോന്ന പൂജാവിഗ്രഹങ്ങൾവരെ, സർവ്വവും നാം അന്യരാജ്യങ്ങളിലേക്ക് കയററി അയച്ചു. ഇതു് ലഘുബുദ്ധിയോടെ പറയുന്നതല്ല. പിണ്ണാക്കിൻെറ കാര്യം മനസ്സിലാക്കിയതു് ഒരു വലിയ കമ്പനിയിലെ ഉദ്യോഗസ്ഥനിൽ നിന്നാണ്. അവർ നിർമ്മിക്കുന്ന കാലിത്തീററയ്ക്കു് മൂന്നും നാലും ഇരട്ടി വില കൂടിയതിൻെറ കാരണം ചോദിച്ചപ്പോൾ, അതും ആഗോളവാണിജ്യത്തിൽ വളരെ പ്രിയമുള്ള സാധനമാണെന്നും വലിയ വിലകൊടുത്തു് വാങ്ങുവാൻ വിദേശത്തു് വ്യാപാരികളുണ്ടെന്നും ധാരാളമായി കയററുമതി ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട് കാലിത്തീററയിലെ മുഖ്യഘടകമായ ഈ സാധനവും ആവശ്യത്തിനു കിട്ടുന്നില്ല. വിലയും എന്തെന്നില്ലാതെ വർദ്ധിച്ചിരിക്കുന്നു. പ്രോട്ടീൻ എന്നു പറയുന്ന ഭക്ഷ്യവസ്തു നിർമ്മിക്കുന്നതിന്ന് ഏററവും ലാഭത്തിൽ കിട്ടുന്ന പദാർത്ഥമാണ് പിണ്ണാക്ക്. അതിൽ അടങ്ങിയിട്ടില്ലാത്ത ചുരുക്കം ചില രാസവസ്തുക്കൾ കൂടി ചേർത്താൽ അതിനെ നല്ല പോഷകമൂല്യമുള്ള പ്രോട്ടീനായി രൂപാന്തരപ്പെടുത്താം. പണ്ട് ഇംഗ്ലണ്ടിൽ പോയി ഡിഗ്രിയെടുത്തുകൊണ്ടുവന്നു് വലിയ വലിയ ഉദ്യോഗങ്ങൾ അവകാശപ്പെട്ടുകൊണ്ടിരുന്ന ആളുകളെ കളിയാക്കുവാൻ പിണ്ണാക്കിൻെറ ഉപമ ചില വിരുതന്മാർ ഉദ്ധരിക്കാറുണ്ടായിരുന്നു. നമ്മുടെ നാട്ടിൽ കിട്ടുന്ന പിണ്ണാക്ക് വാങ്ങിക്കൊണ്ടുപോയി മനോഹരമായബിസ്കററാക്കി നിറപ്പകിട്ടുള്ള ടിന്നുകളിൽ അടക്കം ചെയ്ത് തിരിച്ചയച്ച് വലിയ വിലയ്ക്കു് വില്ക്കുന്നതുപോലെയാണ് മിസ്റ്റർ........രുടെയും കഥ, എന്നും മററും!

ഭൂമിയിൽനിന്നു് കുഴിച്ചെടുക്കുന്നതായാലും അദ്ധ്വാനിച്ച് കൃഷിചെയ്ത് വിളയിക്കുന്നതായാലും, ആധുനിക ജീവിതത്തിന്നു് ആവശ്യമുള്ള എല്ലാ പദാർത്ഥങ്ങൾക്കും അതികഠിനമായ ദൗർലഭ്യം നേരിട്ടിരിക്കുകയാണ്. ആവശ്യക്കാരുടെ എണ്ണം വർദ്ധിച്ചതു മാത്രമല്ല ഇതിൻെറ കാരണം. മുമ്പെങ്ങും കേട്ടിട്ടുപോലുമില്ലാത്ത പുതിയ പുതിയ ആവശ്യങ്ങൾ മനഃപൂർവ്വം സൃഷ്ടിച്ചതും ഒരു പ്രധാന കാരണമാണ്. എല്ലാ രാജ്യക്കാരും സാമാന്യസുഖങ്ങൾ കൊണ്ട് തൃപ്തിപ്പെടുവാൻ സന്നദ്ധരാണെങ്കിൽ, ജനപ്രളയം ഉണ്ടായിരിക്കുന്ന ഇന്നുപോലും ഭൂമിയിൽ ദാരിദ്ര്യവും പട്ടിണിയും മഹാദുഃഖങ്ങളും ഉണ്ടാകേണ്ട കാര്യമില്ല. ഭുവനജീവിതത്തിൻെറ ആദ്യത്തെ ആവശ്യം ആഹാരമാണല്ലോ. അതിൻെറ നിലയെന്തെന്നു നോക്കാം. ഭൂമിയിൽ ഇന്നു് മൊത്തം വിളയുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കൃത്യമായി അറിയാം. എല്ലാ രാജ്യങ്ങളിലും കൂടി പ്രതിവർഷം പന്തീരായിരം (12,000) ലക്ഷം മെട്രിക്ക് ടൺ വിളയുന്നു എന്നാണ് കണക്ക്. ഇതു മുഴുവനും 400 കോടി (1975ലെ ലോകജനസംഖ്യ) ജനങ്ങൾക്ക് സമമായി വീതിച്ചാൽ 300 കിലോഗ്രാം വീതം ആളൊന്നിനു കിട്ടും. ഒരു മനുഷ്യന്നു് 365 ദിവസം മൃഷ്ടാന്നമായി ആഹാരം കഴിച്ച് ജീവിക്കുവാൻ ഇതു ധാരാളം മതിയാകും. എന്നിട്ടും ലോകത്തിൻെറ പല ഭാഗങ്ങളിലും ലക്ഷക്കണക്കിലുള്ള പട്ടിണിമരണങ്ങൾ ഉണ്ടാകുന്നതു് വിചിത്രമായി തോന്നുന്നില്ലേ?

ഭക്ഷ്യധാന്യങ്ങൾ വെറുതെ കിട്ടുന്നതല്ല, വിലകൊടുത്തു വാങ്ങേണ്ടിയിരിക്കുന്നു, എന്നുമാത്രമല്ല ഇക്കാര്യത്തിലുള്ള പ്രയാസം. പരിഷ്കാരിയായ മനുഷ്യനു് വെറും ധാന്യം തിന്നാൽ തൃപ്തിയാവുകയില്ല എന്ന പ്രയാസവുമുണ്ട്. അവന്നു് ഇറച്ചി വേണം, മുട്ട വേണം, പാലു വേണം, എന്നൊക്കെയുള്ള ആഗ്രഹങ്ങളുണ്ടാകുന്നു. പോഷകാഹാര വിദഗ്ദ്ധന്മാർ ഇതൊക്കെ പതിവായി തിന്നണമെന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. വിശിഷ്ടമായ ഈ ആഹാരസാധനങ്ങൾ നല്കുന്ന ജന്തുക്കളും ഭൂമിയെ ആശ്രയിച്ചുതന്നെയാണ് ജീവിക്കുന്നതു്. അവയ്ക്കു് ഒന്നുകിൽ ധാന്യം കൊടുക്കണം. അല്ലെങ്കിൽ ധാന്യം വിളയിക്കാവുന്ന ഭൂമിയിൽ പുല്ല് വിളയിച്ച് അവയെ വളർത്തണം. രണ്ടായാലും 20 കിലോ ധാന്യം ചെലവഴിച്ചാൽ മാത്രമേ ഒരു കിലോ ഇറച്ചി കിട്ടുകയുള്ളൂ. ചോറും അല്പസ്വല്പം മീനും തിന്നു ജീവിച്ചിരുന്ന ജപ്പാൻകാരന്നു് ഇപ്പോൾ ഇറച്ചിയില്ലാതെ ചോറു് ഇറങ്ങുകയില്ലെന്നു പറയുന്നു! കുടിക്കാൻ തനിപ്പാലും വേണമത്രെ. 1934–ൽ അവരുടെ ആഹാരത്തിൻെറ 72 ശതമാനം ധാന്യവും 3 ശതമാനം മാത്രം മത്സ്യമാംസങ്ങളും ആയിരുന്നതു് 1972–ൽ, 48 ശതമാനം ധാന്യവും 13½ ശതമാനം മത്സ്യമാംസങ്ങളുമായി വ്യത്യാസപ്പെട്ടു.



Digitized by Kerala Sahitya Akademi

1950–60 കാലങ്ങളിൽ റഷ്യയിൽ കൃഷിപ്പിഴയുണ്ടായാൽ കാലിത്തീററയ്ക്ക് ധാന്യം കിട്ടാതെ വരുന്നതുകൊണ്ട് ഇറച്ചിക്കുവേണ്ടി വളർത്തുന്ന മൃഗങ്ങളെ കൂട്ടത്തോടെ കൊല്ലുകയായിരുന്നുവത്രെ പതിവ്. അതുകൊണ്ടുമാത്രമേ മനുഷ്യരെ പട്ടിണിയിൽനിന്ന് രക്ഷിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. പക്ഷെ 1972–ൽ വേണ്ടത്ര ധാന്യം ഉല്പാദിപ്പിക്കുവാൻ സാധിക്കാതെ വന്നപ്പോൾ ഈ ഉപായമല്ല സ്വീകരിച്ചത്. അതിനുപകരം കാലിത്തീററയ്ക്കുവേണ്ടി അമേരിക്കയിൽനിന്ന് 280 ലക്ഷംടൺ ധാന്യം വാങ്ങുവാൻ നിശ്ചയിച്ചു. ആ വർഷത്തിൽ തന്നെ ചൈനയ്ക്കും 50 ലക്ഷം ടൺ ധാന്യം വാങ്ങേണ്ട ആവശ്യമുണ്ടായി. ഇതുതന്നെ തരമെന്നുകണ്ടു വടക്കെ അമേരിക്കയിലെ ധാന്യക്കച്ചവടക്കാർ വില്പനക്കുള്ള ധാന്യത്തിന്റെ വില ഇരട്ടിയാക്കി. റഷ്യക്കാരന്റെ ഇറച്ചിക്കൊതിമൂലം ഉണ്ടായ ഈ വിലക്കയററം അമേരിക്കൻ ധാന്യത്തെ ആശ്രയിച്ചു ജീവിച്ചുപോന്ന[illegible]ൻകിട രാജ്യക്കാരെയെല്ലാം മഹാദുരിതം അനുഭവിപ്പിച്ചു.

ഭാഗ്യവശാൽ ഇന്ത്യ ഇപ്പോൾ ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തനേടിയെന്നും, ഇനി അന്യായവിലയ്ക്കുള്ള ഇറക്കുമതി വേണ്ടിവരുകയില്ലെന്നും പറയുന്നു. ഇതു സത്യമായി വരട്ടെ എന്നു പ്രാർത്ഥിക്കാം. 'ആഹാരത്തിനുവേണ്ടിയുള്ള യുദ്ധത്തിൽ നാം വിജയിച്ചിരിക്കുന്നു.' എന്ന് 1954–ൽ ജവഹർലാൽ നെഹറു പ്രഖ്യാപിച്ചു എങ്കിലും ആ വിജയം നിലനിന്നില്ല. തുടർച്ചയായുണ്ടായ വരൾച്ചകൊണ്ടോ, ജനപ്പെരുപ്പംകൊണ്ടോ, എന്തുകൊണ്ടെന്നു നിശ്ചയമില്ല, വീണ്ടും നമുക്ക് ആഹാരത്തിന്നായി അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടിവന്നു. പ്രാഥമികമായ ഈ ആവശ്യത്തിന്നുവേണ്ടി എല്ലാ രാജ്യക്കാരും എന്തും വില്ക്കുവാൻ തയ്യാറാകുമെങ്കിലും, ഇനിയുമിപ്പോൾ നമുക്ക് ആ ഗതികേട് ഉണ്ടാവുകയില്ലെന്ന് പ്രത്യാശിക്കാം. എന്നാലും വിദേശനാണ്യത്തിന്റെ പ്രലോഭനം ദുർജ്ജയമാണ്. അതു നേടുവാൻവേണ്ടി വാഴപ്പഴവും ചക്കയും മാങ്ങയും മരച്ചീനി പോലും കയററുമതി ചെയ്താൽ ഈ രാജ്യത്ത് വീണ്ടും പട്ടിണിയുണ്ടാകും. ഇതുകൊണ്ടാണ് കേന്ദ്രഗവണ്മെന്റ് ഇപ്പോൾ പ്രഖ്യാപിച്ച പുതിയ നയം സ്വീകരിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു.

ആഗോളവാണിജ്യവും നാണയവിനിമയവും അത്യന്തം സങ്കീർണ്ണമായ ഒരു വിഷയമാണ്. അതിനെ നമ്മുടെ സാധാരണ രീതിയിൽ വളരെ ലഘൂകരിച്ച്, ദൈനംദിന കാര്യങ്ങളെ മുൻനിർത്തി, വീക്ഷിക്കുന്നത് മൂഢതയാണെന്ന് തോന്നിയേക്കാം. പക്ഷേ എത്രമേൽ സങ്കീർണ്ണവും ലോകവ്യാപകവും ആയാലും ഇവയെല്ലാം മാനുഷികപ്രശ്നങ്ങളാണ്. ജനസഞ്ചയത്തിന്റെ ജീവിതാനുഭവങ്ങളുടെ പേരിൽ മാത്രമേ ഏതു നയത്തിനും സാധൂകരണം നല്കുവാൻ സാധിക്കുകയുള്ളു. ഏതു പുതിയ ആശയം സമർപ്പിക്കുമ്പോഴും, 'ഏററവും ദരി


മററെങ്ങും കിട്ടാത്ത
മാനസോല്ലാസത്തിന്നു

കേരള
ദിനേശ്
ബീഡി
കണ്ണൂർ

KERALA
DINESH
BEEDI
CANNANORE

Phone: 3699

TEL: DINES BEEDI




Digitized by Kerala Sahitya Akademi

ന്നാക്ക ഇന്ത്യക്കാരനെ അതു് എങ്ങനെ ബാധിക്കും?' എന്നു് ഗാന്ധിജി ചോദിച്ചതിന്റെ രഹസ്യം ഇതാകുന്നു. എല്ലാ ഗവണ്മെന്റുകളും, തീവിഴുങ്ങുന്ന തനി സോഷ്യലിസ്റ്റുകൾ പോലും, എപ്പോഴും എവിടേയും മറക്കുന്ന കാര്യവും ഇതാണ്. നമ്മുടെ കാൽനൂററാണ്ടുകാലത്തെ പ്ലാനിങ്ങിന്റെ ഫലമായി ഈ രാജ്യം വളരെ ശക്തിയാർജ്ജിക്കുകയും, മുമ്പ് പാശ്ചാത്യരാജ്യങ്ങളിലും ജപ്പാനിലും നിന്നു് ഇറക്കുമതി ചെയ്തിരുന്ന പല സാധനങ്ങളും ഇവിടെത്തന്നെ നിർമ്മിക്കുവാനുള്ള വൈദഗ്ദ്ധ്യം നേടുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് ഒരു പ്രത്യക്ഷ വസ്തുതയാണ്. എന്നിരുന്നാലും ഈ ഉദ്ധാരണയത്നങ്ങളുടെയെല്ലാം ഫലമായി ദരിദ്രന്മാർ കൂടുതൽ ദരിദ്രരാവുകയും ധനികന്മാർ കൂടുതൽ ധനികരാവുകയുമാണ് ചെയ്തതു് എന്നുള്ളതും സത്യമാണ്. ഇന്നു് (1977 ജൂലായ്) ഈ രാജ്യത്തു് ആകെയുള്ള 63 കോടി ജനങ്ങളിൽ, ഏറിയാൽ, ഇരുപതു കോടിമാത്രമേ മൂന്ന് നേരവും തൃപ്തികരമായി ആഹാരം കഴിച്ച് ജീവിക്കുന്നുള്ളു. അതുതന്നെയും അല്പം കടന്ന കണക്കല്ലെ എന്നു സംശയം തോന്നുന്നു. ഏതായാലും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരായി (എന്നു വെച്ചാൽ ഒന്നുമില്ലാത്തവരായി) 30 കോടിയുണ്ടെന്നു് ഔദ്യോഗികമായ കണക്കുണ്ട്. പണ്ടൊക്കെ ഈശ്വരന്റെ കാര്യവും വേദാന്തവും പ്രസംഗിച്ചു നടന്നവരെ, അതുകൊണ്ടൊക്കെ വിശപ്പടങ്ങുമോ എന്നു ചോദിച്ച് യുക്തിമഹിമയെ ആരാധിച്ചവർ കളിയാക്കാറുണ്ടായിരുന്നു. പട്ടിണികിടന്നവനു് ആഹാരം മാത്രമാണ് ഈശ്വരൻ എന്നു് വിവേകാനന്ദസ്വാമി പോലും പറയുകയുണ്ടായി. സത്യമാലോചിച്ചാൽ ഇന്നത്തെ ഈ പ്ലാനും പദ്ധതിയും, സയൻസും ടെക്നോളജിയും, വ്യവസായവും വാണിജ്യവും, വിദ്യാഭ്യാസവും വൈദഗ്ദ്ധ്യവും, സംസ്കാരവും സാഹിത്യവും, എല്ലാം മറെറാരു തരം വേദാന്തമായിത്തന്നെയല്ലെ പരിണമിച്ചിരിക്കുന്നതു്? അതുകൊണ്ടൊന്നും വയറുനിറയുന്നില്ലല്ലോഎന്നു്നാല്പതുകോടി ഭാരതീയർക്ക് പരിദേവനം ചെയ്യേണ്ടിവന്നിരിക്കുന്നു, പരിദേവനം ചെയ്യുവാനല്ലാതെ മറെറാന്നിനും അവർക്കു് കഴിയുന്നുമില്ല. അവശതകളും അനീതികളും പരിഹരിച്ച് കിട്ടുന്നതിന്നുവേണ്ടി ഈ രാജ്യത്തു് അങ്ങോളമിങ്ങോളം കൊണ്ടുപിടിച്ചു നടക്കുന്ന സമരങ്ങളും പണിമുടക്കുകളും പ്രക്ഷോഭണങ്ങളും, വാസ്തവത്തിൽ, ഭേദപ്പെട്ട ജീവിതം നയിക്കുന്ന ഇരുപതുകോടിയിൽപെട്ടവരുടെ പ്രക്രിയകളാണ്. അവർക്കു മാത്രമേ സംഘബലമുള്ളു. അതുകൊണ്ടു് അവരെ മാത്രമേ അധികാരികൾക്കു് ഭയവുമുള്ളു.

ഈ വിചിത്രമായ വ്യവസ്ഥിതിയിലാണ് ലോകം, വിശേഷിച്ചും നമ്മുടെ മാതൃഭൂമി, ഇന്നു് നില്ക്കുന്നതെങ്കിലും പണ്ടത്തെ സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു വ്യത്യാസമുണ്ടെന്നു് പറയാതെ തരമില്ല. അതു ചൂണ്ടിക്കാണിക്കുന്നതു് ഈ സന്ദർഭത്തിൽ പ്രസക്തമായിരിക്കുമോ എന്നു നിശ്ചയിക്കുവാൻ തന്നെ പ്രയാസമായിരിക്കുന്നു. എന്നാലും പറയാമെന്നു കരുതുന്നു. പഴയ വേദാന്തം പ്രസംഗിച്ചവരാരും കണ്ണില്ലാത്തതെല്ലാം പൊന്നാക്കാമെന്ന് വാഗ്ദാനം ചെയ്തില്ല. ഈ ലോകം മായാമയമാണെന്നും, അതിലെ ദുഃഖങ്ങൾ കാര്യമാക്കരുതെന്നും, സുഖദുഃഖങ്ങളിൽ സമചിത്തത പാലിക്കണമെന്നും, ജീവിതത്തിന്റെ ലക്ഷ്യം ഈ രണ്ടു ഭാവങ്ങൾക്കും അതീതമായ ഒരു അനുഭൂതി മണ്ഡലത്തിൽ അന്വേഷിക്കണമെന്നും, സമസ്തചരാചരത്തെയും സ്നേഹിക്കണമെന്നുമാണ് അവർ ഉപദേശിച്ചതു്. ഈ ഉപദേശവും ദോഷം ചെയ്തു എന്നു പറയുന്നവരുണ്ട്. ഭാരതഭൂമിയുടെ സകല ദുഃഖങ്ങൾക്കും കാരണം അതിന്മേൽ പടുത്തുയർത്തിയ ഹൈന്ദവസംസ്കാരമാണെന്ന് വാതോരാതെ വാദിക്കുന്നവരുമുണ്ട്. പക്ഷേ എത്ര വന്നാലും അതിന്റെ ദോഷങ്ങൾക്ക് അതിരുണ്ട്. അവ ദുഷ്ടബുദ്ധികളുടെ ധർമ്മച്യുതി മൂലം ഉണ്ടായതാണെന്നു മനസ്സിലാക്കി പ്രതിഷേധിക്കാം. അവരെ ധ്വംസിക്കുകയും ചെയ്യാം. ആ ഉപദേശം ഫലപ്രദമല്ലെന്നു് സ്ഥിതിവിവരക്കണക്കുകൾ കൊണ്ടു് തെളിയിക്കുവാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ അതിന്റെ ഫലങ്ങൾ ആഭ്യന്തരങ്ങളാണ്; വ്യക്തിഗതമായ അനുഭൂതികളാണ്. സമൂഹത്തെ ഉടലോടെ സ്വർഗ്ഗത്തിൽ എത്തിക്കാമെന്നു് ആരും വാഗ്ദാനം ചെയ്തിട്ടുമില്ല. പക്ഷേ ഇന്നത്തെ സാമൂഹിക വേദാന്തത്തിന്റെ കഥ അതല്ല. അതു് മോക്ഷവും മധുരാനുഭൂതികളുമല്ല, തിന്നാൻ കൊള്ളാവുന്ന ചോറാണ്, മനുഷ്യരാശിക്ക് നല്ലാമെന്നു പറയുന്നതു്. ആഗോളവാണിജ്യവും, വ്യവസായവല്ക്കരണവും വിദ്യുച്ഛക്തിയും വിമാനസഞ്ചാരവുമെല്ലാം അതിനുവേണ്ടിയുള്ള ഉപായങ്ങളാണെന്നും പറയുന്നു. അതേക്കുറിച്ചൊന്നും ആർക്കും പ്രതിഷേധമില്ല. പണ്ഡിതനും പാമരനുമെല്ലാം അതു് നിത്യസത്യമായി അംഗീകരിച്ചിരിക്കുകയാണ്. നല്ലതുതന്നെ. പക്ഷെ ചോറെവിടെ എന്ന ചോദ്യം പിന്നെയും ശേഷിക്കുന്നു. ഇന്ത്യയിലെ ജനങ്ങളുടെ ഇടയ്ക്കു മാത്രമല്ല, ലോകജനസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെയും മുമ്പിൽ! അതിന്നു് സമാധാനം കിട്ടാത്ത കാലത്തോളം ഈ ആധിഭൗതിക വേദാന്തവും പരാജയപ്പെട്ടു എന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. ഇരുപതാം നൂററാണ്ടിലെ ഈ പരാജയം പണ്ടത്തേതിനെക്കാൾ എത്രയോ കൂടുതൽ ദാരുണവുമാണ്. എന്തുകൊണ്ടെന്നാൽ, മനസ്സ് സഹിക്കും: വയറ് സഹിക്കുകയില്ല എന്നാണല്ലൊ പഴമൊഴി.



Digitized by Kerala Sahitya Akademi